The extension and strengthening of the runway of Cochin Air Port has been completed. The Indian Airlines has plans to introduce Boeing Flights to Cochin from Bombay and also from Cochin to Bombay in this 1979 summer schedule. But this plan had to be put off because of the inadequacy of additional passenger terminal facilities, like taxi parking, etc. It has been sanctioned and likely to be taken up shortly. അതിനുശേഷം 19-10-1979-ന് ഇൻഡ്യൻ എക്സ്പ്രസിൽ വന്ന റിപ്പോർട്ട് എന്താണെന്നു വച്ചാൽ 22-10-1979-ന് 10 മണിക്ക് വിമാനം ഇവിടെവരുമെന്നും തിരിച്ചു മൂന്നുമണിക്ക് ബോംബേയിലേക്ക് പോകുമെന്നും ആയിരുന്നു. അതിനെ ത്തുടർന്ന് ഇൻഡ്യാഗവൺമെൻറിലെ ഉദ്യോഗസ്ഥന്മാരുമായി ബന്ധ പ്പെട്ടു. അപ്പോഴാ അവർ പറഞ്ഞത് രണ്ടാഴ്ചക്കുള്ളിൽ അത് ഏർപ്പെടുത്തു വാൻ സാധിക്കുമെന്നാണ് അറിയിച്ചിരുന്നത്. നിർഭാഗ്യകരമെന്ന് പറയട്ടെ, കേന്ദ്രഗവൺമെൻറ് നൽകിയ വാഗ്ദാനം പാലിക്കുകയുണ്ടായില്ലാ എന്ന കാര്യം ഖേദപൂർവ്വം പറയുകയാണ്. ഈ കാര്യത്തെക്കുറിച്ച് ഇപ്പോഴും നേരിട്ട് എഴുതിയിട്ടുണ്ട്. താമസം വിനാ അതുണ്ടാകുമെന്നാണ് ഗവൺമെൻറ് വിശ്വസിക്കുന്നത്.

IV. പ്രസ്താവന

പാറശ്ശാലയിൽ പൊഴിയൂർ-കൊല്ലങ്കോട് പ്രദേശത്ത് പടർന്നുപിടിച്ചിരിക്കുന്ന വയറ്റിളക്കവും ഛർദ്ദിയും സംബന്ധിച്ച് ശ്രീ. എം. സത്യനേശൻ ചെയ്ത പ്രസ്താവന

ശ്രീ. എം. സത്യനേശൻ: സർ, പാറശ്ശാല നിയോജകമണ്ഡലത്തിൽ പ്പെട്ട പൊഴിയൂർ-കൊല്ലങ്കോട് പ്രദേശത്ത് രണ്ടുമൂന്നു ആഴ്ചക്കാലമായി വയറ്റിളക്കവും ഛർദ്ദിയും അതിസാരവും പടർന്നു പിടിച്ചിരിക്കുക യാണ്. അതിന്റെ ഫലമായി രണ്ടാളുകൾ മരണപ്പെടുകയും 150 ഓളം ആളുകൾ ആശുപത്രിയിൽ ചികിൽസയിൽ കഴിയുകയുമാണ്. ഇതേവരെ ഗവൺമെൻറിന്റെ ഭാഗത്തുനിന്നും യാതൊരുവിധ സഹായവും ലഭിച്ചിട്ടില്ല. അതുകൊണ്ട് അടിയന്തിരമായും ഗവൺമെൻറിന്റെ ഭാഗത്തുനിന്നും വേണ്ട ദുരിതാശ്വാസനടപടി കൈക്കൊള്ളണം. ഇതിനെ വേണ്ടെങ്കിൽ പട്ടിണി മരണം എന്നുതന്നെ പറയാം. അതുകൊണ്ട് അവിടെ ഫ്റി റേഷൻ കൊടു ക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): ഈ കാര്യം ഇപ്പോ ഴാണ് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടത്. ആരോഗ്യവകുപ്പിനെ കൊണ്ട് നടപടിയെടുക്കുവാൻ ഗവൺമെൻറ് ശ്രദ്ധിക്കുന്നതാണ്. ഫ്റീ റേഷനെ സംബന്ധിച്ച് ഇപ്പോഴും വാഗ്ദാനം നൽകുവാൻ കഴിയുകയില്ല.

V. നിയമനിർമ്മാണകാര്യം

1979-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളുടെ പ്രസംഗം തുടങ്ങുന്ന തിനുമുൻപായി ബഹുമാനപ്പെട്ട അംഗങ്ങളോട് എനിക്ക് ഒരു കാര്യം പറയാ നുണ്ട്. ഈ ബില്ലിന്റെ പൊതുചർച്ചക്ക് 11 മണിക്കൂർ ആണ് നിശ്ചയി ച്ചിട്ടുള്ളത്. ഇന്നലെ 5 മണിക്കൂർ വിനിയോഗിച്ചു കഴിഞ്ഞു. ബാക്കി

LIBRARY ARCHIVES Kerala Legislative Assembly